LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക

55 [487] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ എത്ര റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുണ്ട്;

(ബി) ഈ തസ്തികകൾ നേരത്തെ ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത്;

(സി) ഏത് സർക്കാർ ഉത്തരവിലൂടെയാണ് പ്രസ്തുത തസ്തികയുടെ അധികാരങ്ങളും അധികാരപരിധിയും നിജപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത തസ്തികകൾ എന്നാണ് സൃഷ്ടിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ മുതൽ ഡി വരെ) എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക ഇല്ല. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ മൂന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുണ്ട്. 19-11-1998-ലെ ജി.ഒ. (എം.എസ്.) 101/98/എൽ.ബി.ആർ. പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ നിലവിലുണ്ടായിരുന്ന ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകളെ അപ്ഗ്രേഡ് ചെയ്താണ് ഈ തസ്തികകൾ സൃഷ്ടിച്ചത്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുപ്രകാരമാണ് പ്രസ്തുത തസ്തികകളുടെ അധികാരങ്ങളും അധികാര പരിധിയും നിജപ്പെടുത്തിയിട്ടുള്ളത്. ജി.ഒ. (എം.എസ്.) 101/98/എൽ. ബി.ആർ. പ്രകാരമാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്.

ഫറോക്ക്, ചെറുവണ്ണൂർ എന്നിവിടങ്ങളിലെ ഇ.എസ്.ഐ.-കളിലെ സൗകര്യങ്ങളുടെ അപര്യാപ്തത

56 [489] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക്, ചെറുവണ്ണൂർ എന്നിവിടങ്ങളിലെ ഇ.എസ്.ഐ.-കളിൽ ആവശ്യത്തിന് ഡോക്ടർമാരും മരുന്നും ഇല്ലാത്തതിനാൽ രോഗികൾ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥലങ്ങളിൽ മരുന്നുകൾ ലഭ്യമാക്കാനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ;